## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3837

15 .05.2017-ൽ
മറുപടിയ്ക്ക്

## തൊണ്ടിമുതൽ കുമിഞ്ഞുകൂടി കിടക്കുന്നത്

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കളക്ടറേറ്റുകളിലും മറ്റ് റവന്യൂ ആസ്ഥാനങ്ങളിലും തൊണ്ടിമുതലുകൾ കുമിഞ്ഞുകൂടി കിടക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലപ്പുറം, കൊല്ലം കളക്ടറേറ്റ് സ്ഫോടനങ്ങൾ ഉൾപ്പെടെ നടന്ന സാഹചര്യത്തിൽ ഇത്തരം തൊണ്ടിമുതലുകൾ കുമിഞ്ഞ് കൂടുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഉണ്ട്. തൊണ്ടിമുതലുകളുമായി ബന്ധപ്പെട്ട കേസ് തീരുന്ന മുറയ്ക്ക് കോടതി നിർദ്ദേശമനുസരിച്ച് തൊണ്ടി മുതലുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുള്ളതാണ്. |
| (ബി) വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടിമുതലുകൾ ഒരു നിശ്ചിത കാലയളവിന് ശേഷം ലേലം ചെയ്ത് വിൽക്കുന്നതിനും ഈ തുക സർക്കാർ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) വാഹനങ്ങൾ ഉൾപ്പെടെയുള്ള തൊണ്ടി മുതലുകൾ അതുമായി ബന്ധപ്പെട്ട കേസുകൾ തീരുന്ന മുറയ്ക്ക് കോടതി നിർദ്ദേശ പ്രകാരം ലേലം ചെയ്ത് വിൽക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) കളക്ടറേറ്റ് ഉൾപ്പെടെയുള്ള റവന്യൂ ആസ്ഥാനങ്ങളും പരിസരവും ശുചിത്വവും മാലിന്യ മുക്തവുമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) കളക്ടറേറ്റുകൾ ഉൾപ്പെടെയുള്ള റവന്യൂ ആസ്ഥാനങ്ങൾ ശുചിത്വമായും മാലിന്യ മുക്തമായും സൂക്ഷിക്കുന്നതിനായി ടി കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആവശ്യമുള്ള പക്ഷം ശുചിത്വമിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ